ലൈക് പേജ്

basheerudheentp@gmail.com
**ബഷീർ തൃപ്പനച്ചി**

**നമ്മുടെ 'മുഖ്യധാര'യോട് എത്രത്തോളം കലഹിക്കാൻ കഴിയുന്നുവെന്നതിനനുസരിച്ചായിരിക്കും സുപ്രഭാതത്തിന്റെ ഇടവും പ്രസക്തിയും.**

# സുപ്രഭാതത്തിലെ പത്രവായനകൾ

ഒന്നോ രണ്ടോ പത്രങ്ങൾ ഒരു സംസ്ഥാനത്തിന്റെ അജണ്ട നിർണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന സാമൂഹിക സാഹചര്യമാണ് ഇന്ത്യയിലുള്ളത്. ആന്ധ്രപ്രദേശിൽ *ഈനാട്* (സംസ്ഥാനത്തെ 55 ശതമാനം വായനക്കാർ), ഗുജറാത്തിൽ *ഗുജറാത്ത് സമാചാറും സന്ദേശും* (68 ശതമാനം), കർണാടകയിൽ *പ്രജാവാണി* (27 ശതമാനം), പഞ്ചാബിൽ *പഞ്ചാബ് കേസരി* (37 ശതമാനം), രാജസ്ഥാനിൽ *രാജസ്ഥാൻ പത്രിക* (34 ശതമാനം)... മിക്ക സംസ്ഥാനത്തും 'മുഖ്യധാര'ക്കാരുടെ കണക്കുകൾ ഇങ്ങനെ പോകുന്നു. കുത്തകവത്കരണം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് കേരളത്തെയാണ്. രണ്ട് പ്രമുഖ പത്രങ്ങളുടെ മതത്തിനും ജാതിക്കുമനുസരിച്ചാണ് ഇവിടത്തെ 'പൊതുസമൂഹ'ത്തിന്റെ രാഷ്ട്രീയവും മതേതരത്വവും രൂപപ്പെടുന്നത്.

ഒരു സംസ്ഥാനത്ത് വർഗീയ വിദ്വേഷ പ്രചാരണങ്ങളും കലാപങ്ങളും വരെ അഴിച്ചുവിടാൻ ഇത്തരം പ്രാദേശിക പത്രങ്ങൾ മാത്രം വിചാരിച്ചാൽ സാധ്യമാകും. ഗുജറാത്ത് കലാപത്തിൽ *ഗുജറാത്ത് സമാചാറും സന്ദേശും* വഹിച്ച പങ്കും ലൗ ജിഹാദ് വിഷയത്തിൽ കേരളത്തിലെ രണ്ട് പ്രമുഖ പത്രങ്ങൾ എടുത്ത നിലപാടും അതിന് മികച്ച ഉദാഹരണങ്ങളാണ്. മുഖ്യധാരക്ക് കൃത്യമായി അവരുടെ മതവും മതേതരത്വവും ഉള്ളതുകൊണ്ട് പലപ്പോഴും മുസ്‌ലിം സമുദായമാണ് അവരുടെ വിദ്വേഷ പ്രചാരണങ്ങൾക്ക് ഇരയാവുന്നത്. അതുകൊണ്ടുതന്നെ ഈ 'മുഖ്യധാര'ക്കാർ അവഗണിക്കുന്ന വാർത്തയുടെ മറുവശം പുറത്തുകൊണ്ടുവരൽ പലപ്പോഴും മുസ്‌ലിം സമുദായത്തിന്റെ മാത്രം ഉത്തരവാദിത്തമാകുന്നു. ആ ദൗത്യം നിർവഹിക്കുക എന്ന ലക്ഷ്യാർഥമാണ് അവർക്കിടയിൽ നിന്ന് ഇടക്കിടെ പുതിയ പുതിയ പത്രപ്രസിദ്ധീകരണങ്ങൾ ഉണ്ടാവുന്നത്. കേരളത്തിൽ മുസ്‌ലിം സമുദായ മാനേജ്മെന്റിൽ നിന്ന് ഏഴാമത്തെ പത്രമായി *സുപ്രഭാതം* പുറത്തിറങ്ങിയതാണ് ഇപ്പോൾ പ്രാദേശിക ബദൽ മീഡിയയെ കുറിച്ചാലോചിക്കാൻ കാരണം.



ആറ് എഡിഷനുകളോടെ തുടക്കം കുറിച്ച *സുപ്രഭാത*ത്തിന്റെ മാനേജ്മെന്റ് കേരള മുസ്‌ലിംകൾക്കിടയിൽ ഏറ്റവും സ്വാധീനമുള്ള 'സമസ്ത'യുടെ നേതൃരംഗത്തുള്ളവരാണ്. അനുദിനം മുസ്‌ലിംവിരുദ്ധത വർധിച്ചുകൊണ്ടിരിക്കുന്ന കേരളീയ സമൂഹത്തിൽ രാഷ്ട്രീയ- സാമൂഹിക - സാംസ്കാരിക വിഷയങ്ങളിൽ മൗനം പാലിച്ച് ആത്മീയ അജണ്ടകളുമായി ഒതുങ്ങിക്കൂടാൻ ജീവനുള്ള ഒരു മുസ്‌ലിം സംഘടനക്കും സാധ്യമല്ല. അത്തരം രാഷ്ട്രീയമായ അജണ്ടകളെല്ലാം സാമുദായിക രാഷ്ട്രീയ പാർട്ടിയെയും അതിന്റെ പത്രപ്രസിദ്ധീകരണങ്ങളെയും ഏൽപിച്ച് മുന്നോട്ട് പോവാനാവില്ലെന്ന 'സമസ്ത'യുടെ തിരിച്ചറിവ് കൂടി *സുപ്രഭാത*ത്തിന്റെ പിന്നിലുണ്ട്. ലൗ ജിഹാദ് മുതൽ യത്തീംഖാന വിവാദം വരെ വർഗീയമുഖത്തോടെ അവതരിപ്പിച്ച് കേരളീയ മതേതര പത്രങ്ങൾ അവയുടെ യഥാർഥ ജാതിയും മതവും വ്യക്തമാക്കിയ സന്ദർഭമാണിത്. ഓരോ സുപ്രഭാതത്തിലും അത്തരം പത്രങ്ങൾ കണികണ്ടുണരുന്ന സമുദായ വീടകങ്ങളിലെ ഒരു ചെറിയ വിഭാഗത്തെയെങ്കിലും *സുപ്രഭാത*ത്തിന് സ്വാധീനിക്കാനായാൽ അതിന്റെ ഗുണം ആ പത്രത്തിനു മാത്രമല്ല സമുദായത്തിന് മൊത്തത്തിലായിരിക്കും.

മുന്നണി രാഷ്ട്രീയത്തിന്റെ സാമുദായിക ബലതന്ത്രം തകരുമെന്ന് പേടിച്ച് മുസ്‌ലിം സമുദായത്തിനർഹതപ്പെട്ടത് പോലും നൽകാൻ അധികാരത്തിലിരിക്കുന്നവർ മടിക്കുമ്പോൾ അവർക്ക് മേൽ സമ്മർദശക്തിയാവാൻ ഇനി സമസ്തയുടെ *സുപ്രഭാത*വും കൂടിയുണ്ടാവുമെന്ന് പ്രതീക്ഷിക്കാം. തങ്ങൾ സൃഷ്ടിച്ച 'മതേതരത്വ'ത്തിന് പുറത്തുള്ളവരെയെല്ലാം ദേശദ്രോഹികളും എപ്പോഴും തീവ്രവാദികളാവാൻ സാധ്യതയുള്ളവരുമാണെന്നും പ്രചാരണം നടത്തുന്ന മുഖ്യധാരക്കെതിരെയുള്ള ബദൽ എന്നാണ് *സുപ്രഭാത*ത്തെ അതിന്റെ അണിയറ ശിൽപികൾ പരിചയപ്പെടുത്തുന്നത്. ആ അർഥത്തിൽ നമ്മുടെ 'മുഖ്യധാര'യോട് എത്രത്തോളം കലഹിക്കാൻ കഴിയുന്നുവെന്നതിനനുസരിച്ചായിരിക്കും *സുപ്രഭാത*ത്തിന്റെ ഇടവും പ്രസക്തിയും. അതല്ലാതെ സമുദായത്തിനകത്തെ തങ്ങളുടെ മതസംഘടനാ എതിരാളികൾക്ക് മറുപടി പറയാനും ആരോപണ പ്രത്യാരോപണങ്ങൾ ഉയർത്താനും സ്വന്തം സംഘടനാ പരിപാടികൾ മികവോടെ റിപ്പോർട്ട് ചെയ്യാനുമുള്ള ഒരു പാർട്ടി പത്രമായി *സുപ്രഭാതം* മാറില്ലെന്ന് പ്രത്യാശിക്കാം. ■

Vol. No: 71 Issue No. 17 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla